**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5332** **02-11-2021 - ൽ മറുപടിയ്ക്ക്**

**പാൽ ഉല്പാദനം വർദ്ധിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | പാൽ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് സുഭിക്ഷ കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി മൃഗസംരക്ഷണ വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | പാൽ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് സുഭിക്ഷ കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി മൃഗസംരക്ഷണ വകുപ്പ് ചുവടെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 1. പശുവളർത്തൽ പദ്ധതി - (രണ്ട് പശുക്കൾ ഉള്ള ഒരു യൂണിറ്റിന് പശു ഒന്നിന് 30000/- രൂപ വീതം സഹായം) 2. കാലിത്തീറ്റ നൽകൽ പദ്ധതി- (ഒരു യൂണിറ്റിന് 1000 രൂപ വീതം 6 മാസത്തേയ്ക്ക് 6000 രൂപ സഹായം) 3. ശാസ്ത്രീയ തൊഴുത്ത് നിർമ്മാണം-(25000/-രൂപ) 4. ക്ഷീര മേഖലയിലെ യന്ത്രവൽക്കരണം - (പരമാവധി 1,00,000/-രൂപ സബ്സിഡി) മേൽപ്പറഞ്ഞ എല്ലാ പദ്ധതികളും പഞ്ചായത്ത് തലത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പുമായി സംയോജിപ്പിച്ചാണ് നടപ്പിലാക്കുന്നത്. |
| (ബി) | സംസ്ഥാനത്തെ പ്രതിവർഷ പാൽ ഉല്പാദനം എത്രയെന്ന് വ്യക്തമാക്കാമോ; | (ബി) | സംസ്ഥാനത്തെ പ്രതിവർഷ പാൽ ഉല്പാദനം 25.42 ലക്ഷം മെട്രിക് ടൺ ആണ്. |
| (സി) | സംസ്ഥാനത്തെ പ്രതിവർഷ പാൽ ഉപഭോഗം എത്രയെന്ന് വ്യക്തമാക്കാമോ? | (സി) | സംസ്ഥാനത്തെ പ്രതിദിന പാൽ ഉപഭോഗം ശരാശരി 87.5 ലക്ഷം ലിറ്റർ ആണ്. പ്രതിവർഷം കണക്കാക്കുമ്പോൾ ഏകദേശം 31937.5 ലക്ഷം ലിറ്റർ പാൽ സംസ്ഥാനത്തിന് ആവശ്യമായി വരുന്നു. |

സെക്ഷൻ ഓഫീസർ